(സി) ആരോഗ്യത്തിന് ഹാനികരമല്ലാത്ത രീതിയിൽ മാലിന്യ സംസ്കരണം നടത്താനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ എല്ലാ നഗര സഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ചവറുപെട്ടികൾ വൃത്തിയാക്കാൻ നടപടി

127(2925)ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ, നഗരസഭാതിർത്തിക്കുള്ളിൽ എത്ര ചവറുപെട്ടികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ചവറുപെട്ടികൾ ഇപ്പോൾ എത്ര ദിവസത്തിലൊരിക്കലാണ് വൃത്തിയാക്കി വരുന്നതെന്ന് അറിയിക്കുമോ; ഇവ കൃത്യമായി വൃത്തിയാക്കുന്നതിനുള്ള സംവിധാനം ഇപ്പോഴുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തിരുവനന്തപുരം സിറ്റിക്കുള്ളിലെ തിരക്കുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ചവറുപെട്ടികളിലെ ചവറുകളെങ്കിലും ദിവസവും നീക്കം ചെയത് ദുർഗന്ധം ഉണ്ടാക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭാതിർത്തിക്കുള്ളിൽ ചവർ നിക്ഷേപിക്കുന്നതിന് 180 ചവറുപെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രധാന നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള ചവറു പെട്ടികൾ ദിവസേനയും മറ്റുള്ളവ രണ്ടു ദിവസത്തിലൊരിക്കലും മാറ്റുവാനാണ് നഗരസഭ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ചവർ നിക്ഷേപിക്കുന്നതിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം കാരണം പലപ്പോഴും നിശ്ചിത സമയപരിധിക്കുള്ളിൽ ചവർ മാറ്റാൻ കഴിയാതെ വന്നിട്ടുണ്ട്.

(സി) ചവർ നിക്ഷേപിക്കുന്നതിന് താൽക്കാലികമായി സ്ഥലം ലഭ്യമാക്കി പ്രധാന നിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള ചവറുപെട്ടികളിലെ ചവറുകൾ ഇപ്പോൾ ദിവസവും നീക്കം ചെയ്യുന്നുണ്ട്. ഇതിനുപുറമേ ചവറ്പെട്ടികളിൽ സെൽറിച്ച് എന്ന പദാർത്ഥം വിതറി ദുർഗന്ധം ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ

128 (2926)ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസനം ഉദ്ദേശിച്ചുള്ളതും പത്തോ പതിനഞ്ചോ അതിലേറെയോ വർഷം പഴക്കമുള്ളതുമായ ''റോഡ് വൈഡനിംഗ്'' പദ്ധതികളുടെ പേരിൽ മുനിസിപ്പൽ, കോർപ്പറേഷൻ പരിധിക്കുള്ളിൽ നിർമ്മിക്കാനുദ്ദേശിച്ചുള്ള കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ നിരസിക്കപ്പെടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടുവയ്ക്കുന്നതിനായി മാത്രം ഉദ്ദേശിച്ചു വാങ്ങിയ അഞ്ചോ ആറോ സെന്റു വീതമുള്ള പ്ലോട്ടുകൾ ഇക്കാരണത്താൽ മറിച്ചു വിൽക്കാൻ പോലും നിവൃത്തിയില്ലാത്ത അവസ്ഥയിൽ എത്തുന്നതായി അറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly